# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### കോഴിക്കോട് ജില്ലയിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ൽ ദിവസവേതനക്കാരുടെ നിയമനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4113 — 03.02.2014 - ൽ മറുപടിയ്ക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് - ൽ 2010 ജനുവരി 1 – ന് 10 വർഷം പൂർത്തിയാക്കിയ ദിവസവേതനക്കാരായ ജോലിക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാരോ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ഗവേണിംഗ് ബോഡിയോ തീരുമാനിച്ചി രുന്നോയെന്ന് വ്യക്തമാക്കുമോ; | എ) | 2010 ജനുവരി 1 – ന് 10 വർഷം പൂർത്തിയാക്കിയ ദിവസവേതനക്കാരെ സ്ഥിരപ്പെടുത്താൻ ഗവേണിംഗ് ബോഡി ശുപാർശ ചെയ്ത് സർക്കാരിന് നിർദ്ദേശം സമർപ്പിച്ചിരുന്നു. എന്നാൽ 6.5.2011 – ലെ 26638/ജി1/10/ആ.ക.വ നം കത്ത് പ്രകാരം പ്രസ്തുത ആവശ്യം സർക്കാർ നിരസിച്ചിരുന്നു. |
| ബി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് - ൽ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന നിയമിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയോ, ലോകായുക്തയോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ബി) | 36520/2007 എന്ന റിട്ട് പെറ്റിഷനിൽ അപ്രകാരം ഉത്തരവായിട്ടുണ്ട്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | പ്രസ്തുത ഉത്തരവിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് - ലെ താൽക്കാലിക ജീവനക്കാർ പല അവസരങ്ങളിൽ നേരിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയും നിയമിക്കപ്പെട്ടവരാണ്. |
| ഡി) | എങ്കിൽ നിയമിക്കപ്പെട്ടവരുടെ പേര്, എവിടെ നിയമിച്ചു; നൽകപ്പെട്ട വേതനം എന്നിവ വ്യക്തമാക്കുമോ; | ഡി) | താൽക്കാലിക ജീവനക്കാരുടെ വിശദവിവരം (ലിസ്റ്റ് സഹിതം) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ഇ) | കെ. എച്ച് . ആർ. ഡബ്ല്യൂ. എസ്.–ൽ 10 വർഷം പൂർത്തിയാക്കിയ വികലാംഗരായ ജീവനക്കാർക്ക് സ്ഥിരനിയമനം നൽകാൻ നടപടി സ്വീകരിക്കുമോ? | ഇ) | വികലാംഗർക്കായി പ്രത്യേക പരിഗണന നല്കാൻ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് നിയമാവലിയിൽ വ്യവസ്ഥയില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ